## കത്തോലിക്ക കോൺഗ്രസ് സംഘടന തെരഞ്ഞെടുപ്പ് വിജ്ഞാപനം

കത്തോലിക്ക കോൺഗ്രസിന്റെ 2021-2024 കാലഘട്ടത്തിലേക്കുള്ള ഭാരവാഹികളെ തെരഞ്ഞെടുക്കുന്ന സംഘടന തെരഞ്ഞെടുപ്പ് നടത്തുവാൻ 2020 ആഗസ്റ്റ് മാസം 23-ാം തിയതി പ്രസിഡന്റ് അഡ്വ. ബിജു പറയനിലത്തിന്റെ അദ്ധ്യക്ഷതയിൽ ബിഷപ് ലെഗേറ്റ് മാർ റെമീജിയുസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്ത വർക്കിംഗ് കമ്മറ്റി തീരുമാനപ്രകാരം, കഴിഞ്ഞ കത്തോലിക്ക കോൺഗ്രസ് തെരഞ്ഞെടുപ്പ് നടത്തിയ ഇലക്ഷൻ ബോർഡംഗങ്ങളായ ഞങ്ങളെ ഈ തെരഞ്ഞെടുപ്പും നടത്തുവാൻ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ, ഇലക്ഷൻ ബോർഡ് ചെയർമാനായ അഡ്വ.ബോബി ജോർജും ബോർഡംഗങ്ങളായ അഡ്വ. ബൈജു എ ജോസഫും , അഡ്വ.ഷിജി ജോസഫും ചേർന്ന് 10-09-2020 ലും, 4-10-2020 ലും നടത്തിയ ഇലക്ഷൻ ബോർഡ് മീറ്റിംഗിലെ തീരുമാനപ്രകാരം പുറപ്പെടുവിക്കുന്ന ഇലക്ഷൻ വിജ്ഞാപനം.

കോവിഡിന്റെ പശ്ചാത്തലത്തിലും, അത് മൂലമുള്ള പ്രത്യേക സാഹചര്യത്തിലും പൂർണ്ണമായും കോവിഡ് 19 നിയന്ത്രണങ്ങളും സർക്കാർ മാനദണ്ഡങ്ങളും പാലിച്ച് കൊണ്ടായിരിക്കും എല്ലാ ഘടകങ്ങളിലേക്കുമുള്ള തെരഞ്ഞെടുപ്പുകൾ നടത്തുന്നത്.

**കത്തോലിക്ക കോൺഗ്രസ് കേന്ദ്ര ഇലക്ഷൻ ബോർഡ്**

1) അഡ്വ. ബോബി ജോർജ്
മണ്ണാപ്പറമ്പിൽ
തൊടുപുഴ ഈസ്റ്റ് പി . ഒ.
ഫോൺ9447613216
(ഇലക്ഷൻ ബോർഡ് ചെയർമാൻ)

2) അഡ്വ . ബൈജു എ ജോസഫ്
അരങ്ങശ്ശേരി ,കുറ്റൂർ പി . ഒ.
ഫോൺ9847239792
(ഇലക്ഷൻ ബോർഡ് മെമ്പർ)

3) അഡ്വ . ഷിജി ജോസഫ്
കൂനംമാക്കൽ, മന്നാങ്കണ്ടം
അടിമാലി പി . ഒ.
ഫോൺ 9447045366
(ഇലക്ഷൻ ബോർഡ് മെമ്പർ)

**അഡ്രസ് ഫോർ കമ്മ്യൂണിക്കേഷൻ**

അഡ്വ . ബോബി ജോർജ്
ഇലക്ഷൻ ബോർഡ് ചെയർമാൻ
കത്തോലിക്ക കോൺഗ്രസ്
കേന്ദ്രകാര്യാലയം,
റിന്യൂവൽ സെന്റർ
ആസാദ് റോഡ്, കലൂർ പി.ഒ.,
എറണാകുളം - 682017
ഫോൺ9447613216
**Email Id : ccelections2020@gmail.com**

## ശാഖാതെരഞ്ഞെടുപ്പും രജിസ്ട്രേഷനും

**2020 OCTOBER 9** ശാഖകളിൽ അംഗത്വ വിതരണം / അംഗത്വം പുതുക്കൽ / പുതിയ ശാഖകൾ ചേർക്കൽ തുടങ്ങിയവ ആരംഭിക്കണം.

ശാഖകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ രണ്ട് വൈസ് പ്രസിഡന്റ്മാർ (ഒരാൾ വനിത) എന്നീ ഭാരവാഹികളോടൊപ്പം ആകെ 11 ൽ കുറയാതെയും, 17 ൽ കൂടാതെയും അംഗങ്ങൾ ഉൾപ്പെടുന്ന ഒരു ഭരണസമിതിയെ ശാഖാ അംഗങ്ങളിൽ നിന്ന് തിരഞ്ഞെടുക്കേണ്ടതാണ്. ശാഖാ സമിതിയുടെ കാലാവധി 3 വർഷം ആയിരിക്കും.

കോവിഡിന്റെ പ്രത്യേക സാഹചര്യത്തിൽ യൂണിറ്റ് ഡയറക്ടർക്ക് രജിസ്ട്രേഷൻ/ റിന്യൂവൽ ഫോം ഒപ്പിടാൻ കഴിയാതെ വന്നാൽ രൂപത ഡയറക്ടർ ഒപ്പിട്ടാൽ മതിയാവും

**2020 DECEMBER 30** നകം - ശാഖ തെരഞ്ഞെടുപ്പുകൾ പൂർത്തിയാക്കണം .

**2021 JANUARY 7** നുള്ളിൽ - തെരഞ്ഞെടുപ്പ് പൂർത്തിയാക്കി രജിസ്റ്റർ ചെയ്യുന്ന ശാഖകളുടെ അംഗത്വ ലിസ്റ്റ്, രജിസ്ട്രേഷൻ ഫോം (FORM A) യഥാവിധി പൂരിപ്പിച്ചു പ്രസിഡന്റ്, സെക്രട്ടറി, 50 അംഗങ്ങൾക്ക് ശേഷം വരുന്ന ഓരോ 25 അംഗങ്ങൾക്ക് 1 പ്രതിനിധി എന്ന അനുപാതത്തിൽ, രൂപത വരണാധികാരികളെ ഏൽപ്പിക്കണം . ഇതോടൊപ്പം തന്നെ രൂപത ട്രഷറർക്ക്, കേന്ദ്ര /രൂപത /ഫൊറോന വിഹിതങ്ങളും, പുതിയതായി രജിസ്റ്റർ ചെയ്യുന്ന ശാഖകൾക്ക് 100 രൂപയും ചേർത്ത് ഏൽപ്പിക്കണം. ശാഖ തിരഞ്ഞെടുപ്പിന് ശേഷം, ഉടൻ തന്നെ രജിസ്ട്രേഷൻ ഫോമുകൾ (FORM A), ഡോക്യുമെന്റ് ചെയ്യുന്നതിനായി യഥാവിധി പൂരിപ്പിച്ച് ccelections2020@gmail.com എന്ന മെയിലിലും അയക്കണം

**2021 JANUARY 15** നുള്ളിൽ - രൂപത വരണാധികാരികൾ തങ്ങൾക്കു ലഭിച്ചിരിക്കുന്ന **'Form A'** കേന്ദ്ര വരണാധികാരിക്ക് നൽകണം. രൂപത ട്രഷറർ കേന്ദ്ര വിഹിതം കേന്ദ്ര കാര്യാലയമായ എറണാകുളത്തോ രജിസ്റ്റേർഡ് കാര്യാലയമായ കോട്ടയത്തോ നേരിട്ട് അടയ്ക്കുകയോ അല്ലെങ്കിൽ All Kerala Catholic congress ന്റെ ആന്ധ്രാ ബാങ്ക് (യൂണിയൻ ബാങ്ക്) A/c No. 1142 1001 1100 788, IFSC Code: ANDB0001142 കോട്ടയം കഞ്ഞിക്കുഴി ശാഖയിൽ ഓൺലൈൻ ആയി അടച്ച് രസീത് കേന്ദ്ര വരണാധികാരിയെ ബോധിപ്പിക്കണം.

## ഫൊറോനാ തെരഞ്ഞെടുപ്പുകൾ

**2021 JANUARY 15** നകം - ഫൊറോന തെരഞ്ഞെടുപ്പിൽ വോട്ടവകാശം ഉള്ളവരുടെ ലിസ്റ്റ് (ശാഖകളിലെ പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ, വൈസ് പ്രസിഡന്റ്സ്, രൂപത പ്രതിനിധി/കൾ) രൂപത വരണാധികാരി ഫൊറോന വരണാധികാരികൾക്കും, കോപ്പികൾ കേന്ദ്ര വരണാധികാരിക്കും അയക്കണം

**2021 JANUARY 31** നുള്ളിൽ ഫൊറോന വരണാധികാരികളുടെ നേതൃത്വത്തിൽ ഫൊറോന തെരഞ്ഞെടുപ്പുകൾ നടത്തുന്നു. ഒരു ഫൊറോനയിൽ 5 ൽ കുറയാത്ത ഇടവകകളിൽ ശാഖകൾ ഉണ്ടെങ്കിൽ ആ ശാഖകൾക്ക് ഫൊറോനയിൽ ഫൊറോന സമിതി രൂപീകരിക്കാവുന്നതാണ്.

ഫൊറോന സമിതിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ, രണ്ട് വൈസ് പ്രസിഡന്റുമാർ എന്നീ ഭാരവാഹികൾക്ക് പുറമേ 13 ൽ കുറയാതെയും 17 ൽ കൂടാതെയും അംഗങ്ങൾ ഉൾപ്പെടുന്ന ഒരു ഭരണസമിതിയെ ഫൊറോന

സമിതിയിലെ പ്രതിനിധിസഭയിൽ നിന്നും തിരഞ്ഞെടുക്കാവുന്നതാണ്. ഫൊറോന സമിതിയുടെ കാലാവധി മൂന്ന് വർഷമായിരിക്കും. വൈസ് പ്രസിഡന്റുമാരിൽ ഒരാൾ വനിത ആയിരിക്കണം. തിരഞ്ഞെടുപ്പ് നടന്നിട്ടുള്ള ഫൊറോന സമിതിയുടെ പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ ഇവർ രൂപത പ്രതിനിധിസഭാംഗങ്ങളായിരിക്കും.

ഫൊറോന വരണാധികാരിയെ നിശ്ചയിച്ചിട്ടില്ലെങ്കിൽ ടി ഫൊറോനയിലെ തിരഞ്ഞെടുപ്പ് ചുമതല രൂപത വരണാധികാരിയ്ക്ക് ആയിരിക്കും.

**2021 FEBRUARY 10** നകം ഫൊറോന വരണാധികാരികൾ തെരെഞ്ഞെടുപ്പ് റിപ്പോർട്ടുകൾ (FORM ബി), രൂപത വരണാധികാരിയെയും, കേന്ദ്ര ഇലക്ഷൻ ബോർഡിനെയും അറിയിക്കണം.

## രൂപത സമിതികളിൽ തിരഞ്ഞെടുപ്പ്

കോവിഡിന്റെ പശ്ചാത്തലത്തിൽ പൂർണമായും കോവിട് 19 നിയ്രത്രണങ്ങളും സർക്കാർ മാനദണ്ഡങ്ങളും പാലിച്ചു കൊണ്ട് ഓരോ രൂപതയുടെയും സാഹചര്യമനുസരിച്ച് തിരഞ്ഞെടുപ്പ് നടത്താവുന്നതാണ്. ഓൺലൈൻ സംവിധാനങ്ങൾ ഉപയോഗിക്കണം

രൂപത സമിതികളിൽ തിരഞ്ഞെടുപ്പ് നടത്തുന്നതിന് 25 ൽ കുറയാതെ ശാഖകൾ ഉണ്ടായിരിക്കേണ്ടതാണ്.

രൂപത സമിതിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ട്രഷറർ നാല് വൈസ് പ്രസിഡന്റുമാർ (2 വനിതകൾ) എന്നീ 7 ഭാരവാഹികളും, രണ്ട് വനിതകൾ ഉൾപ്പെടെ 21 അംഗങ്ങളെ രൂപത സമിതി പ്രതിനിധി സഭായോഗത്തിന് കത്തോലിക്ക കോൺഗ്രസ് അംഗങ്ങളിൽ നിന്ന് തിരഞ്ഞെടുക്കണം. (7+2+12 = 21)

ഒരോ രൂപത സമിതിയും രൂപത പ്രതിനിധിസഭാ യോഗം ചേർന്ന് 30 പ്രതിനിധികളെ (5 വനിതകൾ) കത്തോലിക്ക കോൺഗ്രസ് പ്രതിനിധിസഭയിലേക്ക് തിരഞ്ഞെടുക്കണം.

25 ൽ കൂടുതൽ ശാഖകളുള്ള രൂപത സമിതികൾക്ക് കൂടുതലുള്ള ഓരോ 25 ശാഖക്കും രണ്ടു പേരെ വീതം പ്രതിനിധിസഭയിലേക്ക് തിരഞ്ഞെടുക്കാവുന്നതാണ്. (ഒരു രൂപതയിൽ ആകെ കേന്ദ്ര പ്രതിനിധി സഭാംഗങ്ങൾ 50 ൽ കൂടുതൽ ആകാൻ പാടില്ലാത്തതാകുന്നു.)

**2021 FEBRUARY 20** രൂപത വരണാധികാരികൾ, ശാഖകളിൽ /ഫൊറോനകളിൽ നിന്നും ലഭിച്ച രൂപത പ്രതിനിധി സഭാംഗങ്ങളുടെ ലിസ്റ്റ്രൂപത കേന്ദ്രങ്ങളിൽ വൈകിട്ട് 5 മണിക്ക് പ്രസിദ്ധീകരിക്കണം.

**2021 FEBRUARY 27** വരെ രൂപത പ്രതിനിധി സഭാംഗങ്ങളുടെ പ്രാഥമിക ലിസ്റ്റിനെപ്പറ്റിയുള്ള ആക്ഷേപം രൂപത വരണാധികാരികൾ സ്വീകരിക്കണം .

**2021 MARCH 3** ആക്ഷേപങ്ങൾ പരിഹരിച്ച അന്തിമ ലിസ്റ്റ് രൂപത വരണാധികാരികൾ, രൂപത ക്രേന്ദ്രങ്ങളിൽ വൈകിട്ട് 6 മണിക്ക് ശേഷം പ്രസിദ്ധീകരിക്കണം.

**2021 MARCH 7** ഞായർ – രാവിലെ 10 മണി മുതൽ 4 മണി വരെ നാമനിർദ്ദേശ പത്രികകൾ രൂപത വരണാധികാരികൾ മുമ്പാകെ സമർപ്പിക്കാവുന്നതാണ്. അംഗീകരിച്ച സ്ഥാനാർത്ഥി ലിസ്റ്റ് രൂപത വരണാധികാരികൾ രൂപത കേന്ദ്രങ്ങളിൽ അന്ന് തന്നെ വൈകിട്ട് 6 മണിക്ക് ശേഷം പ്രസിദ്ധീകരിക്കണം.

**2021 MARCH 12** ഉച്ച കഴിഞ്ഞു 2 മണി മുതൽ 4 മണി വരെ നാമനിർദ്ദേശ പ്രതിക പിൻവലിക്കാവുന്നതാണ്.

**2021 MARCH 13** വൈകിട്ട് 5 മണിക്ക് അന്തിമ സ്ഥാനാർത്ഥി പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്.

**2021 MARCH 21** ഞായർ - രൂപത വരണാധികാരികൾ രൂപത കാര്യാലയത്തിലോ, നിശ്ചയിക്കുന്ന സ്ഥലത്തോ രാവിലെ 10 മുതൽ വൈകിട്ട് 4 വരെ, ഓരോ ഫൊറോനയിൽ നിന്നുള്ള പ്രതിനിധികൾക്ക് പ്രത്യേക സമയം നിശ്ചയിച്ച് ബാലറ്റിലൂടെ വോട്ടെടുപ്പ് നടത്തേണ്ടതാണ്.

**2021 MARCH 21** രൂപത വരണാധികാരികൾ വോട്ടെണ്ണൽ പൂർത്തിയാവുന്ന മുറക്ക് അന്നേ ദിവസം വൈകിട്ട് 6 മണിക്ക് ശേഷം ഫലം പ്രഖ്യാപിക്കേണ്ടതാണ്.

**2021 MARCH 27** നകം രൂപത വരണാധികാരികൾ, രൂപത ഭാരവാഹികളുടെയും കേന്ദ്രപ്രതിനിധി സഭാംഗങ്ങളുടെയും ലിസ്റ്റ് (FORM C) കേന്ദ്ര കാര്യാലയത്തിൽ നേരിട്ടോ, അല്ലെങ്കിൽ, തപാൽ /കൊറിയർ വഴിയോ അയക്കുകയും, കൂടാതെ ഒഫീഷ്യൽ ഇലക്ഷൻ ഇമെയിൽ അഡ്രസിലേക്കും അയക്കേണ്ടതാണ്.

## കേന്ദ്ര തിരഞ്ഞെടുപ്പ്

ക്രേന്ദ സമിതിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് പ്രസിഡന്റ് ്, ജനറൽ സെക്രട്ടറി, ട്രഷറർ, 9 വൈസ് പ്രസിഡന്റുമാരിൽ ഒരാൾ വനിതയും, ഓരോരുത്തർ വീതം ക്നാനായ വിഭാഗത്തിൽ നിന്നും, പ്രോപ്പർ ടെറിട്ടറിക്ക് പുറത്തു ഇന്ത്യക്ക് അകത്തു നിന്നും, മൂന്നു പേർ ഇന്ത്യക്ക് വെളിയിൽ നിന്നുമായിരിക്കണം.

**2021 APRIL 7** കേന്ദ്ര ഇലക്ഷൻ ബോർഡ്, രൂപതകളിൽ നിന്നും അംഗസംഘടനകളിൽ നിന്നും, അംഗീകൃത സംഘടനകളിൽ നിന്നും ലഭിച്ചിട്ടുള്ള, കേന്ദ്ര പ്രതിനിധി സഭാംഗങ്ങളുടെ ലിസ്റ്റ്, കേന്ദ്ര കാര്യാലയത്തിലും, രജിസ്റ്റേർഡ് കാര്യാലയത്തിലും, www.catholiccongress.org എന്ന ഒഫീഷ്യൽ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുന്നതാണ്.

**2021 APRIL 10** വൈകിട്ട് 5 മണി വരെ പ്രാഥമിക ലിസ്റ്റിനെ പറ്റി ആക്ഷേപം ഉണ്ടെങ്കിൽ കേന്ദ്ര കാര്യാലയത്തിൽ, ഇലക്ഷൻ ബോർഡിൽ പരാതി സമർപ്പിക്കാവുന്നതാണ്.

**2021 APRIL 13** പ്രാഥമിക ലിസ്റ്റിനെ കുറിച്ച് പരാതിയുള്ളവർ, ആവശ്യമുള്ള രേഖകൾ സഹിതം ഹിയറിങ്ങിനായി കേന്ദ്ര കാര്യാലയത്തിൽ, കേന്ദ്ര ഇലക്ഷൻ ബോർഡിന് മുമ്പാകെ ഹാജരാകേണ്ടതാണ്.

**2021 APRIL 15** ആക്ഷേപങ്ങളിൽ അന്തിമ തീരുമാനം സ്വീകരിച്ച്, അന്തിമ ലിസ്റ്റ്, കേന്ദ്ര കാര്യാലയത്തിലും, രജിസ്റ്റേർഡ് കാര്യാലയത്തിലും, www.catholiccongress.org എന്ന ഒഫീഷ്യൽ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുന്നതാണ്.

**2021 APRIL 16 & 17** ഏപ്രിൽ 16 ഇന്ത്യൻ സമയം വൈകിട്ട് 3 മുതൽ ഏപ്രിൽ 17 വൈകിട്ട് 4 വരെ നോമിനേഷൻ, ccelections2020@gmail.com എന്ന ഇമെയിലൂടെ ക്രേന്ദ ഇലക്ഷൻ ബോർഡിനു സമർപ്പിക്കേണ്ട താണ്.

**2021 APRIL 18** രാവിലെ 10 മുതൽ ഉച്ചക്ക് 1 വരെ നോമിനേഷൻ ക്രേന്ദ ഇലക്ഷൻ ബോർഡിനു, കേന്ദ്ര കാര്യാലയത്തിൽ നേരിട്ടും സമർപ്പിക്കാവുന്നതാണ്.

| | |
|---|---|
| **2021 APRIL 19** | കേന്ദ്ര ഇലക്ഷൻ ബോർഡ് നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മപരിശോധന കേന്ദ്ര കാര്യാലയത്തിൽ നടത്തുന്നതാണ്. |
| **2021 APRIL 20** | വൈകിട്ട് 4 മണിക്ക് സാധുവായ സ്ഥാനാർത്ഥികളുടെ ലിസ്റ്റ്, കേന്ദ്ര കാര്യാലയത്തിലും, രജിസ്റ്റേർഡ് കാര്യാലയത്തിലും, www.catholiccongress.org എന്ന ഒഫീഷ്യൽ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുന്നതാണ്. |
| **2021 APRIL 22** | ഉച്ചക്ക് 1 മണി വരെ നാമനിർദ്ദേശ പത്രികകൾ പിൻവലിക്കുന്നതിന് അവകാശം ഉണ്ടായിരിക്കുന്നതാണ്. പത്രികൾ ഇമെയിൽ വഴിയും പിൻവലിക്കാവുന്നതാണ്. |
| **21 APRIL 22** | വൈകിട്ട് 5 മണിക്ക് അന്തിമ സ്ഥാനാർത്ഥി പട്ടിക കേന്ദ്ര കാര്യാലയത്തിലും, രജിസ്റ്റേർഡ് കാര്യാലയത്തിലും, www.catholiccongress.org എന്ന ഒഫീഷ്യൽ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുന്നതാണ്. |
| **2021 APRIL 26 & 27** | 2021 APRIL 26 ഉച്ച കഴിഞ്ഞു 3 മണി മുതൽ 2021 APRIL 27നു ഉച്ചക്ക് 1 വരെ ഓൺലൈൻ സംവിധാനം വഴി ആയിരിക്കും തെരഞ്ഞെടുപ്പ് നടത്തുക. FORMൽ രേഖപ്പെടുത്തിയിരിക്കുന്ന ഈമെയിൽ ഐഡി ഉപയോഗിച്ചായിരിക്കണം ഓൺലൈൻ വോട്ട് രേഖപ്പെടുത്തേണ്ടത്. |
| **2021 APRIL 27** | ഉച്ചക്ക് 2 മണിക്ക് എറണാകുളം കേന്ദ്ര കാര്യാലയത്തിൽ വെച്ച് സ്ഥാനാർത്ഥികളുടെ അല്ലെങ്കിൽ കൗണ്ടിംഗ് ഏജന്റ്മാരുടെ സാന്നിദ്ധ്യത്തിൽ കേന്ദ്ര ഇലക്ഷൻ ബോർഡ്, ഓൺലൈൻ ബാലറ്റ് ബോക്സ് തുറന്നു രേഖപ്പെടുത്തിയ ഓൺലൈൻ വോട്ടുകൾ എണ്ണുന്നതാണ്. വോട്ടെണ്ണൽ പൂർത്തിയാവുന്ന മുറക്ക് കേന്ദ്ര തിരഞ്ഞെടുപ്പ് ഫലം കേന്ദ്ര കാര്യാലയത്തിൽ വെച്ച് ക്രേന്ദ ഇലക്ഷൻ ബോർഡ്ചെയർമാൻ പ്രഖ്യാപിക്കുന്നതാണ്. |

NB.: ശാഖ കമ്മിറ്റിയിൽ ഒരു പ്രൊഫഷണൽ, റിട്ടയേർഡ് ഉദ്യോഗസ്ഥർ, മുൻജനപ്രതിനിധി, ഒരു നല്ല കർഷകൻ, ഒരു ബിസിനസ്കാരൻ, കെ.മൂല്യവർധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന വ്യവസായി, മുൻ കെ.സി.വൈ.എം., മിഷൻ ലീഗ് ഭാരവാഹി എന്നിവരെ കൂടി ഉൾപ്പെടുത്താൻ ശ്രമിക്കുന്നത് ഉചിതമായിരിക്കും

കോവിഡിന്റെ പശ്ചാത്തലത്തിൽ ഇടവകകളിൽ കൊടുക്കാനുള്ള അംഗത്വ ഫോം ബുക്കുകൾ, ഡയറക്ടർ, രൂപത പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ട്രഷറർ, ആ രൂപതയിലെ കേന്ദ്ര ഭാരവാഹികൾ, എന്നിവർ ലഭ്യമാക്കേണ്ടതാണ്.

കോവിഡിന്റെ പ്രത്യേക സാഹചര്യത്തിലും, തദ്ദേശ-സംസ്ഥാന തിരഞ്ഞെടുപ്പുകൾ കത്തോലിക്ക കോൺഗ്രസിന്റെ ഇലക്ഷൻ കാലയളിവിൽ നടക്കുകയാണെങ്കിൽ ക്രേന്ദ ഇലക്ഷൻ ബോർഡിന്റെ രേഖാമൂലമുള്ള അനുവാദത്തോടുകൂടി കീഴ്ഘടക തിരഞ്ഞെടുപ്പ് ചുമതലയുള്ള വരണാധികാരികൾക്ക്തിരഞ്ഞെടുപ്പ് തീയതികൾ ക്രമീകരിക്കാവുന്നതാണ്.

ഇമെയിലൂടെ നോമിനേഷൻ സമർപ്പിക്കുന്നവർ അവരുടെ സർക്കാർ അംഗീകരിച്ച ഏതെങ്കിലും ഒരു ഐഡി പ്രൂഫ് സമർപ്പിക്കേണ്ടതാണ്. നോമിനേഷൻ പിൻവലിക്കേണ്ടതും ഇതേ ഇമെയിലൂടെ ആയിരിക്കണം.

എറണാകുളം
09-10-2020

**അഡ്വ. ബോബി ജോർജ്ജ്**
ഇലക്ഷൻ ബോർഡ് ചെയർമാൻ